# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1772 11.02.2013-ൽ മറുപടിക്ക്.

### പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നിർവ്വഹണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ, 12-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണത്തിന്, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ; | (എ) | 15.06.2012 ലെ സർക്കാർ ഉത്തരവ് 168/2012/തസ്വഭവ, 18.08.2012 ലെ സർക്കാർ ഉത്തരവ് 225/2012/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം 12-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതു പ്രകാരം പദ്ധതി നിർവ്വഹണത്തിനായി പ്രോജക്ടുകളുടെ രൂപീകരണവും സൂക്ഷ്മ പരിശോധനയും ഉറപ്പുവരുത്തുന്നതിന് നിദാനമായ സംവിധാനം (Intelligent Software) വെബ് അധിഷ്ഠിതമായി ഉപയോഗിക്കാവുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 1.12.12 ലെ സർക്കാർ ഉത്തരവ് 320/2012/തസ്വഭവ പ്രകാരം മേലുദ്യോഗസ്ഥർ അംഗീകരിച്ചാൽ ഉടൻ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള അനുമതി പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ബിൽ മാറുന്നത് എളുപ്പമാക്കുന്നതിന് ബില്ലിൽ ഡി.പി.സി അംഗീകാരത്തിന്റെ രേഖപ്പെടുത്തൽ ഉൾപ്പെടുത്തുന്നതിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുകൾ ഇതുവരെ എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾ ഇതുവരെ 1,51,754 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.<br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| പഞ്ചായത്തിന്റെ തരം | സ്ഥാപനങ്ങളുടെ എണ്ണം | പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 7 | 4,198 |
| ബ്ളോക്ക് പഞ്ചായത്ത് | 124 | 10,723 |
| ഗ്രാമപഞ്ചായത്ത് | 921 | 1,36,833 |
| ആകെ | 1052 | 1,51,754 |

(സി) പ്രസ്തുത പദ്ധതികളുടെ പരിശോധന സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതികളിൽ 736 ത്രിതല പഞ്ചായത്തുകളുടെ 1,00,609 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ തരം | സ്ഥാപനങ്ങളുടെ എണ്ണം | പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 4 | 2,191 |
| ബ്ളോക്ക് പഞ്ചായത്ത് | 86 | 6,957 |
| ഗ്രാമപഞ്ചായത്ത് | 646 | 91,461 |
| ആകെ | 736 | 1,00,609 |

(ഡി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ.